(ബി) കോഴിക്കോടു വിമാനത്താവളത്തിന്റെ റൺവേയുടെ സർഫസിംഗ് (നിരപ്പാക്കൽ) ടെർമിനൽ ബിൽഡിംഗ്, ടെക്നിക്കൽ ബിൽഡിംഗ്, ട്രാൻസ്മീറ്ററിംഗ് സ്റ്റേഷൻ എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കാനുണ്ട്.

ഇതിനുപുറമേ വിമാനത്താവളത്തിലേക്കാവശ്യമായ ശുദ്ധജലം, വൈദ്യുതി എന്നിവ എത്തിച്ചുകൊടുക്കുക, വിമാനത്താവളത്തിനടുത്ത് സൗകര്യപ്രദമായ ഷോപ്പിംഗ് കോംപ്ലക്സ്, ആശുപത്രി എന്നിവ നിർമ്മിക്കുക, തുടങ്ങിയ കാര്യങ്ങൾ സംസ്ഥാന സർക്കാർ ചെയ്തുകൊടുക്കേണ്ടതുണ്ട്. അതിനായി ബന്ധപ്പെട്ട വകുപ്പുമേധാവികൾക്ക് ആവശ്യമായ നിർദ്ദേശം സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്.

(സി) കോഴിക്കോട് വിമാനത്താവളത്തിന്റെ പണി എത്രയുംവേഗം പൂർത്തിയാക്കാൻ സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ നിരന്തരം സമ്മർദ്ദം ചെലുത്തുന്നുണ്ട്.

വായുദൂത് സർവ്വീസ്

707. [1137] ശ്രീ. പി. സീതിഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വിവിധ ജില്ലകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് വായുദൂത് സർവ്വീസ് ഏർപ്പെടുത്തുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ പുരോഗതി എതുവരെയായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം-കൊച്ചി, കോയമ്പത്തൂർ-മധുര, തിരുവനന്തപുരമായോ, അല്ലെങ്കിൽ മധുര-തിരുച്ചി-തിരുവനന്തപുരമായോ, വായുദൂത് സർവ്വീസ് ആരംഭിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രത്തോടാവശ്യപ്പെട്ടിരുന്നു.

(ബി) നടപ്പു പഞ്ചവൽസര പദ്ധതിക്കാലത്ത് മംഗലാപുരത്തെയും കോഴിക്കോടിനേയും ബന്ധിപ്പിച്ച്. വായുദൂത് സർവ്വീസ് നടത്താൻ നിർദ്ദേശമുള്ളതായി കേന്ദ്ര സിവിൽ ഏവിയേഷൻ വകുപ്പുമന്ത്രി പാർലമെന്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

പുതിയ പോലീസ് സ്റ്റേഷനുകൾ

708 [1141] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര സ്റ്റേഷനുകൾ ; അവ എവിടെയെല്ലാം ;

(സി) പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ എന്തെങ്കിലും ഉണ്ടോ ;

(ഡി) എങ്കിൽ അവ എന്തൊക്കെയെന്ന്, വിശദീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ഉണ്ട്.

† അനുബന്ധം II.

LIBRARY ARCHIVES Kerala Legislative Assembly